(സി) ഉണ്ട്.

(ഡി) അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ഈ വർഷം ഇതിനായി തുകയൊന്നും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

118 (1226) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയുള്ള നിയമനം

ശ്രീ. പാലോട് രവി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. വി. ബാലറാം :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമന കാര്യത്തിൽ ഇപ്പോൾ നിലവിലുള്ള നയം പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നേരിട്ട് പരസ്യം മുഖേന ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കാൻ പുതിയ നയത്തിൽ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പത്രങ്ങളിൽ പരസ്യപ്പെടുത്താതെതന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയല്ലാതെ നേരിട്ട് നിയമനങ്ങൾ നടത്താൻ സംസ്ഥാന സർക്കാരിന്റെ കീഴിലെ ഏതെങ്കിലും സ്ഥാപനങ്ങളെ അനുവദിച്ചിട്ടുണ്ടോ;

(ഡി) ആഡിയോ വിഷ്വൽ പോലെയുള്ള സ്ഥാപനങ്ങളിൽ വേണ്ടത്ര പരസ്യം നൽകാതെ നിരവധിപേരെ നേരിട്ട് നിയമിച്ചിട്ടുള്ള കാര്യം ഗവൺമെന്റിനറിവുണ്ടോ;

(ഇ) ഇത്തരം സ്ഥാപനങ്ങളിൽ കഴിഞ്ഞ് മൂന്നു വർഷത്തിനിടയിൽ മാനദണ്ഡങ്ങൾ ലംഘിച്ച് നടത്തിയ നിയമനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും നിയമനങ്ങളെല്ലാം റദ്ദാക്കുന്നതിനും തയ്യാറാകുമോ?

ഉത്തരം

(എ)&(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഗ്രൂപ്പ് 'സി' 'ഡി' ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്നതോടൊപ്പം, പത്ര പരസ്യം, നോട്ടീസ്ബോർഡ് തുടങ്ങിയവവഴി പരസ്യപ്പെടുത്താനും ഇങ്ങനെ ലഭ്യമാകുന്ന ഉദ്യോഗാർത്ഥികളേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും ലഭ്യമാകുന്ന ഉദ്യോഗാർത്ഥികളെയും ഒരുമിച്ച് ഇന്റർവ്യൂവിന് പരിഗണിച്ച് നിയമനം നടത്താൻ ഉദ്യോഗദായകർക്ക് അനുവാദം നൽകാനും സുപ്രീം കോടതിയുടെ 1996-ലെ ഒരു വിധിയുടെ അടിസ്ഥാനത്തിൽ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് നൽകിയ ഒരു നിർദ്ദേശം സംസ്ഥാന സർക്കാർ പരിശോധിച്ചുവരുന്നു.

(സി) തൊഴിൽ വകുപ്പിൽനിന്നും അനുമതി നൽകിയിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലെ സ്ഥിരം നിയമനങ്ങളെല്ലാംതന്നെ വേണ്ടത്ര പരസ്യം നൽകിമാത്രമാണ് നടത്തിയിട്ടുള്ളത്. എന്നാൽ സെന്റർ ഏറ്റെടുത്തുനടത്തുന്ന ജോലിയുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് ചില നിയമനങ്ങൾ ഹ്രസ്വകാലത്തേയ്ക്കു കരാർ അടിസ്ഥാനത്തിലും ദിവസക്കൂലി വ്യവസ്ഥയിലും നേരിട്ട് നടത്തേണ്ടതായിവരുന്നു. സെന്ററിന്റെ ഉത്തമ താൽപ്പര്യം കണക്കിലെടുത്താണ് ഇപ്രകാരം ചെയ്യുന്നത്.

(ഇ) ഇതിന് ഇപ്പോൾ എംപ്ലോയ്മെന്റ് വകുപ്പിന് അധികാരമില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1123, 1125, 1142, 1143, 1145, 1150, 1214, 1224 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

I (a). ഉപചോദ്യങ്ങൾ ചോദിക്കുന്നതു സംബന്ധിച്ച്

മി. സ്പീക്കർ : നമുക്ക് ചോദ്യോത്തര സമയം കൂടുതൽ പ്രയോജനപ്പെടുത്താൻ ഉപചോദ്യങ്ങൾ ചുരുക്കി എഴുതിവായിക്കുന്നതാണ് നല്ലതെന്നാണ് ചെയറിന്റെ അഭിപ്രായം. മറുപടിയും അതുപോലെ ചുരുക്കിയായാൽ നമുക്ക് പരമാവധി ഒരു മണിക്കൂർ സമയം കൂടുതൽ ഫലപ്രദമാക്കാൻ കഴിയും. ചെയറിന് പറയുവാനുള്ള ഒരു കാര്യം പരമാവധി പരാതിയില്ലാതെ കൊണ്ടു പോകാനാണ് ഞാൻ ശ്രമിക്കുന്നത്. എന്നാലും ഒരു ദിവസം ഒരു മണിക്കൂറിനകത്ത് ഇരുപതും ഇരുപത്തിയഞ്ചും സപ്ളിമെന്ററിയിൽ കൂടുതൽ കഴിയില്ല. എങ്ങനെയാണ് 100-ഉം 120-ഉം പേർക്ക് സപ്ളിമെന്ററി ചോദ്യം ചോദിക്കാനുള്ള അവസരം കൊടുക്കാൻ കഴിയുന്നത്? അതിന് സമയം നിയന്ത്രിച്ചാൽ മാത്രം പോരാ, സ്ഥിരമായി ചോദ്യം ചോദിക്കുന്ന ആളുകളുണ്ട്, പേരൊന്നും പറയുന്നില്ല അവരുടെ ഒരു സഹകരണം വേണം. കാരണം എല്ലാ പേർക്കും അവസരം കൊടുക്കണമല്ലോ? സ്ഥിരമായി ചോദ്യം ചോദിക്കുന്നവരും ഒന്നിലധികം ചോദ്യങ്ങൾ ചോദിക്കുന്നവരും കൂടി സഹകരിച്ചാൽ നമുക്ക് പരമാവധി പരാതിയില്ലാതെ കൂടുതൽ ഫലപ്രദമാക്കാൻ കഴിയുമെന്നാണ് ചെയറിന് പറയുവാനുള്ളത്. ഒരു ചോദ്യത്തിന് പത്ത് മിനിറ്റുവെച്ചാൽ അഞ്ച്, ആറ് ചോദ്യമെടുക്കാം. ആ രൂപത്തിലാണെങ്കിൽ പരമാവധി ചോദ്യങ്ങൾ ഈ ഫ്ളോറിൽ കൊണ്ടുവരാൻ സാധിക്കും, അതാണ് സഭയ്ക്ക് നല്ലത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ ചോദ്യോത്തര സമയത്തും അല്ലാതെ അസംബ്ളിയിലും ഒരു മെമ്പർ ഉന്നയിക്കുന്ന കാര്യം എഴുതിതന്നാലേ നടപടി കൈക്കൊള്ളുകയുള്ളൂവെന്ന് ഒരു മന്ത്രി പറയുന്നത് ശരിയാണോ ?

മി. സ്പീക്കർ : അങ്ങനെ ഒരു മന്ത്രി പറയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. സൗകര്യത്തിനുവേണ്ടി ചിലപ്പോൾ എഴുതിത്തരാൻ ആവശ്യപ്പെടും. അല്ലാതെ എഴുതിതന്നാലേ നടപടി സ്വീകരിക്കുകയുള്ളൂ എന്നു പറയുന്നത് ശരിയല്ല. ഇവിടെ പറയുന്നതിനാണ് എഴുതിക്കൊടുക്കുന്നതിനേക്കാൾ വിലയുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly